"ഭരണ ഭാഷ - മാതൃഭാഷ"

# പാറശ്ശാല ഗ്രാമ പഞ്ചായത്ത്

പാറശ്ശാല - 695502, തിരുവനന്തപുരം ജില്ല, ഫോൺ; 0471- 2202033
(ഐ. എസ് ഒ 9001 - 2015 സർട്ടിഫൈഡ് ഗ്രാമപഞ്ചായത്ത്)
ഇ-മെയിൽ - parassalagp@gmail.com.

നമ്പർ : JC3-4893/2023 തീയതി :28-10-2023

പ്രേഷിതൻ

**സെക്രട്ടറി**

പാറശ്ശാല ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

**ബഹു.ജില്ലാ കളക്ടർ**

**തിരുവനന്തപുരം** [ ഉചിത മാർഗ്ഗേന]

**സർ,**

വിഷയം :- കടയ്ക്ക് ലൈസൻസ് നൽകുന്നില്ല എന്നുള്ള പരാതി- നടപടി സ്വീകരിച്ച റിപ്പോർട്ട് സമർപ്പിക്കുന്നത്-സംബന്ധിച്ച്.

സൂചന : -1. അങ്ങയുടെ ഓഫീസിലെ12/07/2023 ലെ DCTVM/7717/2023-A6 നമ്പർ കത്ത്.

2. ശ്രീ റ്റി കെ അനിൽകുമാറിന്റെ ലൈസൻസിനുള്ള 06/06/23 ലെ അപേക്ഷ.

3. ബഹു.നെയ്യാറ്റിൻകര മുൻസിഫ് കോടതിയിലെ OS.No1363/2016-ന്മേലുള്ള 24/04/2016, 28/05/2018 തീയതികളിലെ I.A.5144/16 നമ്പർ ഉത്തരവ്.

4. 23/06/2023 ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.

5. 24/06/23 ലെ ഈ ഓഫീസിൽ നിന്നും ബഹു പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച എസ് സി 2/4893/23 നമ്പർ റിപ്പോർട്ട് കത്ത്.

6. ശ്രീ റ്റി കെ അനിൽകുമാറിന്റെ ഭീഷണി സന്ദേശങ്ങൾ.

7. ശ്രീ റ്റി കെ അനിൽകുമാർ ലഭ്യമാക്കിയിട്ടുള്ള 1567/2013 നമ്പർ ആധാരം

8. പാറശ്ശാല വില്ലേജ് ഓഫീസർക്ക് നൽകിയ 13/07/2023 ലെ ഇതേ നമ്പർ കത്ത്.

9. പാറശ്ശാല വില്ലേജ് ഓഫീസറുടെ 02/08/23 ലെ 347/23 നമ്പർ കത്ത്.

10. പാറശ്ശാല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/08/2023 ലെ ജെ.സി 3-4893/2023 -ാം നമ്പർ ഉത്തരവ്.

(മറുപുറം)

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു.

ശ്രീ റ്റി കെ അനിൽകുമാർ 2023-24 വർഷത്തേക്ക് ടിയാൻ PP XIV/1083,1084 എന്നീ കടമുറികളിൽ നടത്തി വരുന്ന ന്യൂ അയിഷ ടെക്സ്റ്റയിൽസ് എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിയ്ക്കണമെന്ന് സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിൽ 14/1084 സ്വന്തമാണെന്നും 14/1083 നമ്പർ കടമുറിയ്ക്ക് വേണ്ടി ശ്രീമതി റ്റി കെ അയിഷ എന്നവർ പേർക്ക് എഴുതി കൊടുത്തിട്ടുള്ള വാടക പത്രത്തിന്റെ പകർപ്പുമാണ് ഹാജരാക്കിയിരുന്നത്.

ഈ ഓഫീസിലെ രേഖകൾ അഥവാ സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഈ കെട്ടിട മുറികൾ ശ്രീ എം കെ കമലാസനൻ മുക്കോലയ്ക്കൽ വീട് എന്നവരുടെ ഉടമസ്ഥതയിലാണുള്ളത്. മാത്രമല്ല അപേക്ഷകന്റെ സഹോദരൻ ശ്രീ അജി റ്റി കെ , ബഹു.നെയ്യാറ്റിൻകര ഫസ്റ്റ് അഡീഷണൽ മുൻസിഫ് കോടതി മുമ്പാകെയുള്ള, ഈ കടമുറികൾ ഉൾപ്പെടെയുള്ള വസ്തുവകകളുടെ share/partition സംബന്ധിച്ച OS 1363/2016 മേൽ 24/06/2016 ലെ I.A.5144/16 നമ്പർ നിരോധന ഉത്തരവിന്റെ പകർപ്പ് സഹിതം ഹാജരാക്കി അപേക്ഷകനായ ശ്രീ റ്റി കെ അനിൽകുമാറിന് ലൈസൻസ് നൽകാൻ പാടില്ലായെന്ന് ആവശ്യപ്പെട്ടിരുന്നു.

ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായുള്ള ലൈസൻസിന് അപേക്ഷ നൽകുന്നയാൾ അപേക്ഷയോടൊപ്പം, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളുടെ പകർപ്പോ സ്ഥല ഉടമ അല്ലായെങ്കിൽ , കൈവശം നൽകികൊണ്ടുള്ള സ്ഥല ഉടമയുടെ പക്കൽ നിന്നുള്ള രേഖകളോ ഹാജരാക്കേണ്ടതാണ്. ലൈസൻസ് അപേക്ഷയോടൊപ്പം ചട്ടപ്രകാരം ആവശ്യമായുള്ള വ്യക്തമായ രേഖകളുടെ അഭാവത്തിൽ മേൽ വിവരിച്ച കാരണം കാണിച്ചുകൊണ്ട് അപേക്ഷിച്ചിട്ടുള്ള കെട്ടിട നമ്പരുകളിൽ ലൈസൻസ് അനുവദിക്കാൻ നിർവ്വാഹമില്ലായെന്ന വിവരം 23/06/2023-ാം തീയതി ഈ ഓഫീസിൽ നിന്നും അപേക്ഷകനെ അറിയിക്കുകയുണ്ടായി.

തുടർന്ന് അപേക്ഷകൻ , ടിയാൻ അപേക്ഷ നൽകിയിട്ട് 3 ആഴ്ചയായിട്ടും ലൈസൻസ് ലഭിക്കുന്നില്ലായെന്നും , 16/06/23-ന് ടിയാൾ വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകിയിട്ടും ലൈസൻസ് നൽകുന്നില്ലായെന്നും, ആയത് കാരണം ബാങ്ക് ലോൺ അനുവദിക്കുന്നില്ലായെന്നും 26/06/2023 നകം ലൈസൻസ് നൽകാത്ത പക്ഷം പെട്രോൾ കൊണ്ട് പഞ്ചായത്ത് ഓഫീസിൽ പോകണമോ എന്നും ചോദിച്ചു കൊണ്ട് ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് അറിയിപ്പു നൽകുകയുണ്ടായി. ആയതിന് , ഈ ഓഫീസിൽ നിന്നും അപേക്ഷകന് 23/06/23 ന് നൽകിയിട്ടുള്ള മറുപടിയുടെ പകർപ്പ് സഹിതം ബഹു.ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇത്തരത്തിലുള്ള ഭീഷണി തുടർന്നും ആവർത്തിച്ച് ഈ ഓഫീസിലും ബഹു. പഞ്ചായത്ത് പ്രസിഡന്റിനേയും അറിയിച്ചിട്ടുണ്ട്. തുടർന്ന് അപേക്ഷകൻ, 26/06/2023 ന് 1363/16 നമ്പർ കേസിന്റെ പൂർണ്ണ നടപടികൾ 2017 മുതൽ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതാണെന്നും , ആയതിനാൽ ടിയാന് ലൈസൻസ് നൽകണമെന്നും കാണിച്ച്

(മറുപുറം)

ഇ–മെയിൽ സന്ദേശം അയച്ചിരുന്നു. ആയതിനൊപ്പം ബഹു. ഹൈക്കോടതിയുടെ ശ്രീ അനിൽകുമാറും , ശ്രീ അജി റ്റി കെ & 4 others ഉം തമ്മിലുള്ള OP(C): 2968/2018-OS:1363/2016 of ഫസ്റ്റ് അഡീഷണൽ മുൻസിഫ് കോടതി നെയ്യാറ്റിൻകര 06/02/2023 ലെ "Interim order revived and extended until further orders " എന്ന ഉത്തരവിന്റെ പകർപ്പും ഹാജരാക്കുകയുണ്ടായി.

ബഹു.ഹൈക്കോടതിയുടെ 28/05/2018 ലെ IA No : 5144/2016 in O.S No 1363/2016 നമ്പർ ഉത്തരവിൽ ശ്രീമതി അയിഷ, ശ്രീ അനിൽകുമാർ , ശ്രീ അജിത്ത് തുടങ്ങിയവരെ "restrained from alienating or encumbering any property of the partnership firm styled as 'Aisha Textiles' until the disposal of the suit " എന്നാണ് ഉള്ളത്.

അപേക്ഷകൻ കൂടുതലായി സമർപ്പിച്ചിട്ടുള്ള രേഖകളുടെ പരിശോധനയിൽ 2013 ലെ 1567/2013 നമ്പർ ആധാരത്തിൽ XII /52 കെട്ടിടത്തിന്റെ വടക്ക് ഭാഗവും XII /1496 ഉം , XII /1355 കടയിൽ വടക്ക് ഭാഗവും , 1556 നമ്പർ ആധാര പ്രകാരം ഒരു സെന്റ് 85 ച.ലിംഗ്സും 1971 ലെ 2281 –ാം നമ്പർ ആധാര പ്രകാരം ഒന്നേ അരയ്ക്കാൽ സെന്റും ഉൾപ്പെടെ ഒന്നായി കിടപ്പുള്ള രണ്ട് സെന്റ് 210 ച.ലിംഗ്സ് വസ്തുവിൽ ഇരിപ്പുള്ള രണ്ട് നില കെട്ടിടത്തിൽ താഴത്തെ നിലയിൽ സ്ഥിതി ചെയ്യുന്ന മൂന്ന് കടമുറിയും മുകളിലത്തെ നിലയിൽ കയറാനുള്ള കോണിപ്പടിയും അതിൽ മുകളിലത്തെ നിലയും കോണിപ്പടി സ്ഥിതിചെയ്യുന്ന PP XII/455 –ാം നമ്പർ കടമുറി എന്നിവയാണ് അപേക്ഷകനായ ശ്രീ അനിൽകുമാറിന് നൽകിയിട്ടുള്ളതായി സൂചിപ്പിച്ചിട്ടുള്ളത്. ഒപ്പം, അപേക്ഷകന്റെ മാതാവും പിതാവും ജീവിച്ചിരുന്നപ്പോൾ 2013 വർഷം രേഖയാക്കിയിട്ടുള്ള പ്രസ്തുത പ്രമാണത്തിൽ "കടമുറികളിൽ ബിസിനസ് നടത്തുവാനുള്ള അവകാശം മാത്രം നീക്കിയിട്ടുള്ള" പട്ടിക വസ്തുക്കളുടേയും , കടമുറികളുടേയും അവകാശമാണ് ധനനിശ്ചയം ചെയ്ത് നൽകിയിരിക്കുന്നത്.

എന്നാൽ പഞ്ചായത്ത് അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷകൻ ലൈസൻസ് ആവശ്യപ്പെട്ടിട്ടുള്ള 14/1083,1084 നമ്പരുകൾ 2013 പ്രാബല്യത്തിൽ ശ്രീ കമലാസനൻ എന്നയാളുടെ പേരിലുള്ളതും , ഈ നമ്പരുകളുടെ 2002 വർഷം പ്രാബല്യത്തിലെ കെട്ടിട നമ്പരുകൾ യഥാക്രമം XII /410,411 എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. സഞ്ചയ സോഫ്റ്റ് വെയർ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള ഈ നമ്പരുകൾ ശ്രീ റ്റി കെ അനിൽകുമാർ ഹാജരാക്കിയിട്ടുള്ള ആധാരവുമായി പൊരുത്തപ്പെടാത്തതിനാൽ , നിലവിൽ പരാമർശിത "ന്യൂ അയിഷ ടെക്സ്റ്റയിൽസ്" പ്രവർത്തിച്ചു വരുന്ന കെട്ടിടം റവന്യൂ രേഖകൾ പ്രകാരം നിലനിൽക്കുന്ന റീസർവ്വേ സബ്ഡിവിഷൻ ഉൾപ്പെടെയുള്ള നമ്പർ ഏതാണെന്ന് വ്യക്തമാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് , ആധാരം , കരം തീർത്ത രസീത് , കൈവശ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് സഹിതം ഉള്ളടക്കം ചെയ്ത് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിരുന്നു. ആയതിന് വില്ലേജ് ഓഫീസിൽ നിന്നും ചുവടെ ചേർക്കും പ്രകാരമുള്ള മറുപടി 02/08/2023 ലെ 347/2023 നമ്പരായി ലഭ്യമായിട്ടുണ്ട്. "പാറശ്ശാല വില്ലേജ് ബ്ലോക്ക് 50, തണ്ടപ്പേർ 32635, റീസർവ്വേ 357/11 ൽ ഭാഗീകമായി ശ്രീമതി റ്റി കെ അയിഷ, D/O തുളസി

(മറുപുറം)

മേക്കേ വട്ടവിള കരുമാനൂർ പാറശ്ശാല പി ഒ എന്നവർ കൈവശത്തിൽ ഉൾപ്പെട്ടു വരുന്നതായി അന്വേഷണത്തിൽ അറിയുന്നു".

അതേ സമയം അപേക്ഷകനായ ശ്രീ റ്റി കെ അനിൽകുമാർ ബഹു പഞ്ചായത്ത് ഡയറക്ടർ മുമ്പാകെ , ടിയാൻ ഈ ഓഫീസിൽ ഹാജരാക്കിയിട്ടുള്ള രേഖകളുടെ പകർപ്പുകളെല്ലാം സഹിതം ലഭ്യമാക്കി ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകുന്നില്ലായെന്ന് പരാതി ബോധിപ്പിക്കുകയുണ്ടായി. തുടർന്ന് ബഹു. പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ നേരിൽ വിളിച്ചു വരുത്തി കേൾക്കുകയും അദ്ദേഹം, അപേക്ഷകൻ ലൈസൻസിനായി ഹാജരാക്കിയിട്ടുള്ള എല്ലാ റെവന്യൂ രേഖകളും പ്രമാണത്തിന്റെ പകർപ്പും, ബഹു.കോടതി ഉത്തരവുകളുടെ പകർപ്പുകളെല്ലാം സസൂക്ഷമം പരിശോധിച്ച ശേഷം , അപേക്ഷകനും സഹോദരങ്ങളും തമ്മിൽ അവകാശ തർക്കങ്ങളും വ്യവഹാരങ്ങളും നിലവിലുണ്ടെങ്കിലും അപേക്ഷകന് ലൈസൻസ് നൽകുന്നതിന് തടസ്സമില്ലായെന്നും, ആയത് അടിയന്തിരമായി നൽകേണ്ടതാണെന്നും കർശനമായി നിർദ്ദേശിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ പാറശ്ശാല ഗ്രാമപഞ്ചായത്ത് ഠൗൺ വാർഡിൽ നിലവിൽ പഞ്ചായത്ത് രേഖകൾ പ്രകാരം ശ്രീ കമലാസനൻ എന്നവരുടെ പേരിലുള്ള XIV/1083,1084 കടമുറികളിൽ ടെക്സ്റ്റയിൽഗുഡ്സ് കച്ചവടം ചെയ്യുന്നതിന് 2023-24 വർഷത്തേക്ക് ലൈസൻസ് ഫീസ് ഈടാക്കികൊണ്ട്, അപേക്ഷകനും ശ്രീ കമലാസനൻ എന്നയാളുടെ മകനുമായ ശ്രീ റ്റി കെ അനിൽകുമാറും ടിയാന്റെ സഹോദരങ്ങളും തമ്മിലുള്ള, ബഹു. നെയ്യാറ്റിൻകര മുൻസിഫ് കോടതിയിലെ OS.No1363/2016, ഇത് സംബന്ധിച്ച് ബഹു ഹൈക്കോടതി മുമ്പാകെയുള്ള Connected കേസുകൾ എന്നിവയുടെ അന്തിമ തീർപ്പിന് വിധേയമായി സൂചന (10) പ്രകാരം ലൈസൻസ് നൽകിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്ത് സമർപ്പിക്കുന്നു.

PARASSALA GRAMA PANCHAYAT
PIN-695502
PH:0471 2202033
PARASSALA P.O.

വിശ്വസ്തതയോടെ

ജെ.ആർ.കൃഷ്ണകുമാർ
സെക്രട്ടറി
പാറശ്ശാല ഗ്രാമപഞ്ചായത്ത്
പാറശ്ശാല പി.ഒ, തിരുവനന്തപുരം (ജില്ല)
കേരള, (സ്റ്റേറ്റ്) ഇന്ത്യ-695 502, ഫോൺ: 0471 - 2202033

ഉള്ളടക്കം :- 1) സൂചന (10) ഉത്തരവിന്റെ പകർപ്പ്

2) പരാതിക്കാരന് നൽകിയിട്ടുള്ള ലൈസൻസിന്റെ പകർപ്പ്.

# പാറശ്ശാല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

(ഹാജർ : ബി കെ കൃഷ്ണകുമാർ)

വിഷയം :- ടെക്സ്റ്റയിൽസ് ഗുഡ്സ് കച്ചവടത്തിന് ലൈസൻസ് അനുവദിക്കുന്നത് -സംബന്ധിച്ച്.

പരാമർശം:-1. ശ്രീ റ്റി കെ അനിൽകുമാറിന്റെ ലൈസൻസിനുള്ള 06/06/23 ലെ അപേക്ഷ.

2. ബഹു.നെയ്യാറ്റിൻകര മുൻസിഫ് കോടതിയിലെ OS.No1363/2016-ന്മേലുള്ള 24/04/2016, 28/05/2018 തീയതികളിലെ I.A.5144/16 നമ്പർ ഉത്തരവുകൾ.
3. 23/06/2023 ലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.
4. 24/06/23 ലെ ഈ ഓഫീസിൽ നിന്നും ബഹു പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച എസ് സി 2/4893/23 നമ്പർ റിപ്പോർട്ട് കത്ത്.
5. ശ്രീ റ്റി കെ അനിൽകുമാറിന്റെ ഭീഷണി സന്ദേശങ്ങൾ.
6. ശ്രീ റ്റി കെ അനിൽകുമാർ ലഭ്യമാക്കിയിട്ടുള്ള 1567/2013 നമ്പർ ആധാരം
7. പാറശ്ശാല വില്ലേജ് ഓഫീസർക്ക് നൽകിയ 13/07/2023 ലെ ഇതേ നമ്പർ കത്ത്.
8. പാറശ്ശാല വില്ലേജ് ഓഫീസറുടെ 02/08/23 ലെ 347/23 നമ്പർ കത്ത്.

---

## ഉത്തരവ് നം. ജെ സി 3 - 4893/2023 തീയതി 03-08-2023

---

ശ്രീ റ്റി കെ അനിൽകുമാർ 2023-24 വർഷത്തേക്ക് ടിയാൻ PP XIV/1083,1084 എന്നീ കടമുറികളിൽ നടത്തി വരുന്ന ന്യൂ അയിഷ ടെക്സ്റ്റയിൽസ് എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിയ്ക്കണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിൽ 14/1084 സ്വന്തമാണെന്നും 14/1083 നമ്പർ കടമുറിയ്ക്ക് വേണ്ടി ശ്രീമതി റ്റി കെ അയിഷ എന്നവർ പേർക്ക് എഴുതി കൊടുത്തിട്ടുള്ള വാടക പത്രത്തിന്റെ പകർപ്പുമാണ് ഹാജരാക്കിയിട്ടുള്ളത്.

ഈ ഓഫീസിലെ രേഖകൾ അഥവാ സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഈ കെട്ടിട മുറികൾ ശ്രീ എം കെ കമലാസനൻ മുക്കോലയ്ക്കൽ വീട് എന്നവരുടെ ഉടമസ്ഥതയിലാണുള്ളത്. മാത്രമല്ല അപേക്ഷകന്റെ സഹോദരൻ ശ്രീ അജി റ്റി കെ , ബഹു.നെയ്യാറ്റിൻകര ഫസ്റ്റ് അഡീഷണൽ മുൻസിഫ് കോടതി മുമ്പാകെയുള്ള, ഈ കടമുറികൾ ഉൾപ്പെടെയുള്ള വസ്തുവകകളുടെ share/partition സംബന്ധിച്ച OS 1363/2016 ന്മേൽ 24/06/2016 ലെ I.A.5144/16 നമ്പർ നിരോധന ഉത്തരവിന്റെ പകർപ്പ് സഹിതം

ഹാജരാക്കി അപേക്ഷകനായ ശ്രീ റ്റി കെ അനിൽകുമാറിന് ലൈസൻസ് നൽകാൻ പാടില്ലായെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായുള്ള ലൈസൻസിന് അപേക്ഷ നൽകുന്നയാൾ അപേക്ഷയോടൊപ്പം, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളുടെ പകർപ്പോ സ്ഥല ഉടമ അല്ലായെങ്കിൽ , കൈവശം നൽകികൊണ്ടുള്ള സ്ഥല ഉടമയുടെ പക്കൽ നിന്നുള്ള രേഖകളോ ഹാജരാക്കേണ്ടതാണ്. ലൈസൻസ് അപേക്ഷയോടൊപ്പം ചട്ടപ്രകാരം ആവശ്യമായുള്ള വ്യക്തമായ രേഖകളുടെ അഭാവത്തിൽ മേൽ വിവരിച്ച കാരണം കാണിച്ചുകൊണ്ട് അപേക്ഷിച്ചിട്ടുള്ള കെട്ടിട നമ്പരുകളിൽ ലൈസൻസ് അനുവദിക്കാൻ നിർവ്വാഹമില്ലായെന്ന വിവരം 23/06/2023-ാം തീയതി ഈ ഓഫീസിൽ നിന്നും അപേക്ഷകനെ അറിയിക്കുകയുണ്ടായി.

തുടർന്ന് അപേക്ഷകൻ , ടിയാൾ അപേക്ഷ നൽകിയിട്ട് 3 ആഴ്ചയായിട്ടും ലൈസൻസ് ലഭിക്കുന്നില്ലായെന്നും , 16/06/23-ന് ടിയാൾ വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകിയിട്ടും ലൈസൻസ് നൽകുന്നില്ലായെന്നും, ആയത് കാരണം ബാങ്ക് ലോൺ അനുവദിക്കുന്നില്ലായെന്നും 26/06/2023 നകം ലൈസൻസ് നൽകാത്ത പക്ഷം പെട്രോൾ കൊണ്ട് പഞ്ചായത്ത് ഓഫീസിൽ പോകണമോ എന്നും ചോദിച്ചു കൊണ്ട് ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് അറിയിപ്പു നൽകുകയുണ്ടായി. ആയതിന് , ഈ ഓഫീസിൽ നിന്നും അപേക്ഷകന് 23/06/23 ന് നൽകിയിട്ടുള്ള മറുപടിയുടെ പകർപ്പ് സഹിതം ബഹു.ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇത്തരത്തിലുള്ള ഭീഷണി തുടർന്നും ആവർത്തിച്ച് ഈ ഓഫീസിലും ബഹു. പഞ്ചായത്ത് പ്രസിഡന്റിനേയും അറിയിച്ചിട്ടുണ്ട്. തുടർന്ന് അപേക്ഷകൻ 26/06/2023 ന് 1363/16 നമ്പർ കേസിന്റെ പൂർണ്ണ നടപടികൾ 2017 മുതൽ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതാണെന്നും , ആയതിനാൽ ടിയാന് ലൈസൻസ് നൽകണമെന്നും കാണിച്ച് ഇ-മെയിൽ സന്ദേശം അയച്ചിരുന്നു. ആയതിനൊപ്പം ബഹു. ഹൈക്കോടതിയുടെ ശ്രീ അനിൽകുമാറും , ശ്രീ അജി റ്റി കെ & 4 others ഉം തമ്മിലുള്ള OP(C): 2968/2018-OS:1363/2016 of ഫസ്റ്റ് അഡീഷണൽ മുൻസിഫ് കോടതി നെയ്യാറ്റിൻകര 06/02/2023 ലെ "Interim order revived and extended until further orders " എന്ന ഉത്തരവിന്റെ പകർപ്പും ഹാജരാക്കുകയുണ്ടായി.

ബഹു.ഹൈക്കോടതിയുടെ 28/05/2018 ലെ IA No : 5144/2016 in O.S No 1363/2016 നമ്പർ ഉത്തരവിൽ ശ്രീമതി അയിഷ, ശ്രീ അനിൽകുമാർ , ശ്രീ അജിത തുടങ്ങിയവരെ "restrained from alienating or encumbering any property of the partnership firm styled as 'Aisha Textiles' until the disposal of the suit " എന്നാണ് ഉള്ളത്.

അപേക്ഷകൻ കൂടുതലായി സമർപ്പിച്ചിട്ടുള്ള രേഖകളുടെ പരിശോധനയിൽ 2013 ലെ 1567/2013 നമ്പർ ആധാരത്തിൽ XII /52 കെട്ടിടത്തിന്റെ വടക്ക് ഭാഗവും XII /1496 ഉം XII /1355 കടയിൽ വടക്ക് ഭാഗവും , 1556 നമ്പർ ആധാര പ്രകാരം ഒരു സെന്റ് 85 ച.ലിംഗ്സും 1971 ലെ. 2281 –ാം നമ്പർ ആധാര പ്രകാരം ഒന്നേ അരയ്ക്കാൽ സെന്റും ഉൾപ്പെടെ ഒന്നായി കിടപ്പുള്ള രണ്ട് സെന്റ് 210 ച.ലിംഗ്സ് വസ്തുവിൽ ഇരിപ്പുള്ള രണ്ട് നില കെട്ടിടത്തിൽ താഴത്തെ നിലയിൽ സ്ഥിതി ചെയ്യുന്ന മൂന്ന് കടമുറിയും മുകളിലത്തെ നിലയിൽ കയറാനുള്ള കോണിപ്പടിയും അതിൽ മുകളിലത്തെ നിലയും കോണിപ്പടിയും സ്ഥിതിചെയ്യുന്ന PP XII/455 –ാം നമ്പർ കടമുറി എന്നിവയാണ് അപേക്ഷകനായ ശ്രീ അനിൽകുമാറിന് നൽകിയിട്ടുള്ളതായി സൂചിപ്പിച്ചിട്ടുള്ളത്. ഒപ്പം, അപേക്ഷകന്റെ മാതാവും പിതാവും ജീവിച്ചിരുന്നപ്പോൾ 2013 വർഷം രേഖയാക്കിയിട്ടുള്ള പ്രസ്തുത പ്രമാണത്തിൽ "കടമുറികളിൽ ബിസിനസ് നടത്തുവാനുള്ള അവകാശം മാത്രം നീക്കിയിട്ടുള്ള" പട്ടിക വസ്തുക്കളുടേയും , കടമുറികളുടേയും അവകാശമാണ് ധനനിശ്ചയം ചെയ്ത് നൽകിയിരിക്കുന്നത്.

എന്നാൽ പഞ്ചായത്ത് അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷകൻ ലൈസൻസ് ആവശ്യപ്പെട്ടിട്ടുള്ള 14/1083,1084 നമ്പരുകൾ 2013 പ്രാബല്യത്തിൽ ശ്രീ കമലാസനൻ എന്നയാളുടെ പേരിലുള്ളതും , ഈ നമ്പരുകളുടെ 2002 വർഷം പ്രാബല്യത്തിലെ കെട്ടിട നമ്പരുകൾ യഥാക്രമം XII /410,411 എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. സഞ്ചയ സോഫ്റ്റ് വെയർ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള ഈ നമ്പരുകൾ ശ്രീ റ്റി കെ അനിൽകുമാർ ഹാജരാക്കിയിട്ടുള്ള ആധാരവുമായി പൊരുത്തപ്പെടാത്തതിനാൽ , നിലവിൽ പരാമർശിത "ന്യൂ അയിഷ ടെക്സ്റ്റയിൽസ്" പ്രവർത്തിച്ചു വരുന്ന കെട്ടിടം റവന്യൂ രേഖകൾ പ്രകാരം നിലനിൽക്കുന്ന റീസർവ്വേ സബ്ഡിവിഷൻ ഉൾപ്പെടെയുള്ള നമ്പർ ഏതാണെന്ന് വ്യക്തമാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് , ആധാരം , കരം തീർത്ത രസീത് , കൈവശ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് സഹിതം ഉള്ളടക്കം ചെയ്ത് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന് വില്ലേജ് ഓഫീസിൽ നിന്നും ചുവടെ ചേർക്കും പ്രകാരമുള്ള മറുപടി 02/08/2023 ലെ 347/2023 നമ്പരായി ലഭ്യമായിട്ടുണ്ട്. "പാറശ്ശാല വില്ലേജ് ബ്ലോക്ക് 50, തണ്ടപ്പേര് 32635, റീസർവ്വേ 357/11 ൽ ഭാഗീകമായി ശ്രീമതി റ്റി കെ അയിഷ, D/O തുളസി മേക്കേ വട്ടവിള കരുമാനൂർ പാറശ്ശാല പി ഒ എന്നവർ കൈവശത്തിൽ ഉൾപ്പെട്ടു വരുന്നതായി അന്വേഷണത്തിൽ അറിയുന്നു".

അതേ സമയം അപേക്ഷകനായ ശ്രീ റ്റി കെ അനിൽകുമാർ ബഹു പഞ്ചായത്ത് ഡയറക്ടർ മുമ്പാകെ , ടിയാൻ ഈ ഓഫീസിൽ ഹാജരാക്കിയിട്ടുള്ള രേഖകളുടെ പകർപ്പുകളെല്ലാം സഹിതം ലഭ്യമാക്കി ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകുന്നില്ലായെന്ന് പരാതി ബോധിപ്പിക്കുകയുണ്ടായി. തുടർന്ന് ബഹു. പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ നേരിൽ വിളിച്ചു വരുത്തി കേൾക്കുകയും അദ്ദേഹം, അപേക്ഷകൻ ലൈസൻസിനായി ഹാജരാക്കിയിട്ടുള്ള എല്ലാ റെവന്യൂ രേഖകളും

പ്രമാണത്തിന്റെ പകർപ്പും, ബഹു.കോടതി ഉത്തരവുകളുടെ പകർപ്പുകളെല്ലാം സസൂക്ഷമം പരിശോധിച്ച ശേഷം , അപേക്ഷകനും സഹോദരങ്ങളും തമ്മിൽ അവകാശ തർക്കങ്ങളും വ്യവഹാരങ്ങളും നിലവിലുണ്ടെങ്കിലും അപേക്ഷകന് ലൈസൻസ് നൽകുന്നതിന് തടസ്സമില്ലായെന്നും, ആയത് അടിയന്തിരമായി നൽകേണ്ടതാണെന്നും കർശനമായി നിർദ്ദേശിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ പാറശ്ശാല ഗ്രാമപഞ്ചായത്ത് ഠൗൺ വാർഡിൽ നിലവിൽ പഞ്ചായത്ത് രേഖകൾ പ്രകാരം ശ്രീ കമലാസനൻ എന്നവരുടെ പേരിലുള്ള XIV/1083,1084 കടമുറികളിൽ ടെക്സ്റ്റയിൽഗുഡ്സ് കച്ചവടം ചെയ്യുന്നതിന് 2023-24 വർഷത്തേക്ക് ലൈസൻസ് ഫീസ് ഈടാക്കികൊണ്ട്, അപേക്ഷകനും ശ്രീ കമലാസനൻ എന്നയാളുടെ മകനുമായ ശ്രീ റ്റി കെ അനിൽകുമാറും ടിയാന്റെ സഹോദരങ്ങളും തമ്മിലുള്ള, ബഹു. നെയ്യാറ്റിൻകര മുൻസിഫ് കോടതിയിലെ OS.No1363/2016, ഇത് സംബന്ധിച്ച് ബഹു ഹൈക്കോടതി മുമ്പാകെയുള്ള Connected കേസുകൾ എന്നിവയുടെ അന്തിമ തീർപ്പിന് വിധേയമായി ലൈസൻസ് നൽകുന്നതിന് ഉത്തരവാകുന്നു.

സെക്രട്ടറി

പാറശ്ശാല ഗ്രാമ പഞ്ചായത്ത്

ബി.കെ. കൃഷ്ണകുമാർ
സെക്രട്ടറി
പാറശ്ശാല ഗ്രാമ പഞ്ചായത്ത്
പാറശ്ശാല പി.ഒ, തിരുവനന്തപുരം (ജില്ല)
കേരള, (സ്റ്റേറ്റ്) ഇന്ത്യ-695 502, ഫോൺ: 0471 - 2202033

PARASSALA GRAMA PANCHAYAT
PARASSALA P.O.

നമ്പർ: 300/2023-2024/JC 3/4893/2023 തീയതി: 05/08/2023

# പാറശ്ശാല ഗ്രാമപഞ്ചായത്ത്

പാറശ്ശാല പി.ഒ., തിരുവനന്തപുരം (ജില്ല)

പിന്: 695502, ഫോൺ: 0471-2202033, ഇ-മെയില്: parassalagp@gmail.com

## വ്യവസായം, വാണിജ്യം, സംരഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ്

(കെ.പി.ആർ ആക്ട് സെക്ഷൻ 232, FTE & OS ലൈസൻസ് ചട്ടങ്ങൾ 1996)

| | |
|---|---|
| ലൈസൻസിയുടെപേര് | റ്റി കെ അനിൽകുമാർ |
| ലൈസൻസിയുടെ മേൽവിലാസം | മേക്കേവെട്ടവിള വീട് പാറശ്ശാല പി ഒ |
| സ്ഥാപനത്തിന്റെ പേരും, സ്ഥലനാമവും | ന്യൂ അയിഷ ടെക്സ്റ്റയിൽസ്, പാറശ്ശാല |
| ലൈസൻസ് നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ | Sale of Textile Goods |
| വാർഡ് നമ്പർ/കെട്ടിട നമ്പർ | XIV/1083,1084 |
| ലൈസെൻസ് കാലാവധി | 05/08/2023 മുതൽ 31/03/2024 വരെ |

| | തുക | രസീത് നമ്പർ | തീയതി |
|---|---|---|---|
| ലൈസെൻസ് ഫീസ് | 500 /- രൂപ | 1230102441 | 05/08/2023 |
| മോട്ടോർ ഫീസ് | | | |
| തൊഴിൽ നികുതി | 600 /- രൂപ | 1230102441 | 05/08/2023 |
| ലൈസെൻസ് അനുവദിക്കുന്നതിന് ഹാജരാക്കിയ നിരാക്ഷേപ പത്രങ്ങളുടെ വിശദാംശങ്ങൾ ( നമ്പർ, തീയതി, കാലയളവ്, നൽകിയ അധികാര സ്ഥാപനം ) | | | |
| റിമാർക്ക് | 03/08/2023 തീയതിയിലെ ഈ ഓഫീസിലെ ജെ.സി 3 - 4893/2023 -ാം നമ്പർ നടപടി ഉത്തരവ് പ്രകാരം | | |

ഓഫീസ് മുദ്ര

സെക്രട്ടറി

പാറശ്ശാല ഗ്രാമപഞ്ചായത്ത്

ലൈസൻസ് കൈപ്പറ്റി

Amutha Kala

## ലൈസൻസി താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിക്കേണ്ടതാകുന്നു.

1 കേരള പഞ്ചായത്ത് രാജ് ആക്ടും അതേ തുടർന്നുള്ള ചട്ടങ്ങളും ബൈലകളും അനുസരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു.

2 തൊഴിൽ സ്ഥലവും അതിലുള്ള സാധനസാമഗ്രികളും പഞ്ചായത്തധികാരികൾക്കോ/സെക്രട്ടറി അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർക്കോ പരിശോധിക്കുന്നതിന് ലൈസൻസി വേണ്ട സൈകര്യം നൽകേണ്ടതും അവർ ആവശ്യപ്പെട്ടാൽ ഈ ലൈസൻസ് കാണിക്കേണ്ടതുമാണ്.

3 ഏത് സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നവോ ആ സ്ഥലത്ത് എല്ലാവരും കാണത്തക്ക വിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസി തന്റെ പേരും, ലൈസൻസിന്റെ നമ്പരും ഉദ്ദേശവും കാണിക്കുന്ന ഒരു അടയാളപ്പലക വച്ചിരിക്കേണ്ടതാണ്.

4 പഞ്ചായത്തിൽ നിന്നും അനുവാദം ലഭിച്ചശേഷമല്ലാതെ തൊഴിൽ സ്ഥലം മാറ്റാൻ പാടില്ലാത്തതും തൊഴിൽ നിർത്തുന്ന പക്ഷം വിവരം മുൻകൂട്ടി പഞ്ചായത്തിൽ അറിയിക്കേണ്ടതുമാകുന്നു.

5 തൊഴിൽ സ്ഥലവും പരിസരങ്ങളും വൃത്തിയായും സാംക്രമികരോഗാണുക്കൾ ഉണ്ടാക്കാത്ത വിധത്തിലും പൊതുജനോപദ്രവമാകാത്ത വിധത്തിലും വ്യപാരത്തിനു വച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ ഈച്ച,അണുക്കൾ,പൊടി മുതലായവയുടെ ശല്യം ഉണ്ടാകാത്ത വിധത്തിലും സൂക്ഷിക്കേണ്ടതാണ്.

6 ഒരോ പ്രവർത്തിദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്.

7 ആ സ്ഥലത്തിന്റെയോ പരിസരത്തിന്റെയോ, ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കുകയോ ചെയ്യുന്ന ചപ്പുചവറോ, മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റ് പദാർത്ഥമോ ശേഖരിച്ച്, സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ നീക്കം ചെയ്യിക്കേണ്ടതാണ്.

8 ലൈസൻസി ഏതൊരു കെട്ടിടത്തിന്റെയും ചുവരുകളുടെ അകവശത്തിന്റെ ഏതൊരു ഭാഗവും മേൽപറഞ്ഞ പരിസരത്തിലുള്ള തറയും നടപ്പാതയും അവിടെ തെറിച്ചുവീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ, ചപ്പുചവറോ, അസഹ്യവും, ഉപദ്രവകരവുമാ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം, എപ്പോഴും നന്നായി കേടുപാട് തീർത്ത് നിലനിർത്തേണ്ടതാണ്.

9 ലൈസൻസി മേൽപറഞ്ഞ സ്ഥലത്തോ, പരിസരത്തോ അതോടു ചേർന്നോ ഉള്ള ഏതൊരു ഓവുചാലും, അഴുക്കുജലം കളയുന്നതിനുള്ള ഉപകരണവും എപ്പോഴും നന്നായി കേടുപാട് തീർത്ത് വയ്പിക്കേണ്ടതാണ്.

10 അയിത്തം ആചരിക്കുന്ന കടകളുടെ ലൈസൻസ് റദ്ദുചെയ്യുന്നതാണ്.

11 ഏതെങ്കിലും തരത്തിലുള്ള ത്വക്ക് രോഗമോ കുഷ്ഠ രോഗമോ വ്രണമോ പകർച്ച വ്യാധികളോ ഉള്ള യാതൊരാളും കച്ചവടം നടത്തുന്നതിന് ഉപയോഗിക്കുന്ന സ്ഥലത്തും പരിസരത്തും പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.

12 17/02/2019 ലെ സ.ഉ. (കൈ) നം.7/2019 പരിസ്ഥിതി ഉത്തരവ് പ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന നിരോധിത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ വിതരണം ചെയ്യുകയോ ചെയ്യാൻ പാടില്ല.

13 സ്ഥാപനത്തിന്റെ ബോർഡിൽ സ്ഥലനാമം മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തേണ്ടതാണ്.

14 20 സീറ്റിൽ കൂടുതലുള്ള എല്ലാ ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

15 നിരോധിത ഉൽപന്നങ്ങളായ പാൻമസാല, ഗുഡ്ഖ തുടങ്ങിയവ സംഭരിച്ചുവയിക്കുവാനോ വിൽക്കുവാനോ പാടില്ല.

16 ബാലവേല അനുവദിക്കാൻ പാടില്ല.

17 മുകളിൽ കാണിച്ചിരിക്കുന്ന വ്യവസ്ഥകളുടെ ലംഘനം ഈ ലൈസൻസ് റദ്ദ് ചെയ്യപ്പെടുന്നതിന് കാരണമാകാവുന്നതാണ്.

സെക്രട്ടറി

പാറശ്ശാല ഗ്രാമപഞ്ചായത്ത്

**N.B:-** ഈ ലൈസൻസ് അവസാനിക്കുന്ന തീയതിക്ക് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസ് ഒടുക്കുവരുത്തേണ്ടതാണ്.